ക്ലാസ് സർവ്വീസുകൾ ഇൻഷർ ചെയ്തിട്ടുണ്ട്. ഇടുക്കി മലബാർ മേഖലകളിൽ പുതിയ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ടൗൺ-ടു-ടൗൺ സർവീസുകൾ തുടങ്ങിയിട്ടുണ്ട്. റിസർവേഷൻ സൗകര്യങ്ങൾ വ്യാപകമാക്കുകയും സർവ്വീസ് ചെക്കിംഗ് കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കാനായി ജീവനക്കാർക്കുള്ള ഇൻസന്റീവ് സ്കീം നടപ്പാക്കിക്കഴിഞ്ഞു.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

കെ. എസ്. ആർ. ടി. സി ബസ് അപകടത്തിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ

111 (797) ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് അപകടങ്ങളിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ നൽകുവാൻ കെ. എസ്. ആർ. ടി. സി. പ്രതിമാസം എന്തു തുക വീതം ശരാശരി നൽകുന്നുണ്ട് ;

(ബി) 31-1-2001-ലെ കണക്കനുസരിച്ച് വിവിധ കോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ അവാർഡ് ചെയ്ത എന്തു തുക കെ. എസ്. ആർ. ടി. സി കൊടുത്തു തീർക്കുവാനുണ്ട് ;

(സി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് ആ തീയതിയിൽ കെ. എസ്. ആർ. ടി. സി. ബസ് അപകടംമൂലമുള്ള കോമ്പൻസേഷൻ ആവശ്യപ്പെട്ടുകൊണ്ട് എത്ര കേസുകൾ വിവിധ കോടതികളിൽ കിടപ്പുണ്ട് ;

(ഡി) ഈ കേസുകളിൽ കക്ഷികൾ ആവശ്യപ്പെട്ടിട്ടുള്ള നഷ്ടപരിഹാരം എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശരാശരി 70 ലക്ഷം രൂപ പ്രതിമാസം കൊടുത്തുവരുന്നു.

(ബി) 8,36,22,579 രൂപ.

(സി) 24,490 കേസുകൾ.

(ഡി) 127.14 കോടി രൂപ.

പുതിയ ബസ് സർവ്വീസുകൾ

112 (798) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ പുതിയ എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പാപ്പനംകോട് ഡിപ്പോയിൽ നിന്ന് തുടങ്ങിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1-6-1996-നു ശേഷം നേമം നിയോജക മണ്ഡലത്തിൽ നാൽപ്പത്തി രണ്ടു (42) കെ. എസ്. ആർ. ടി. സി. പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) പന്ത്രണ്ട് (12) സർവ്വീസുകൾ പാപ്പനംകോട് നിന്നും തുടങ്ങി.

1. പാപ്പനംകോട് - മലയിൻകീഴ് - മണപ്പുറം

2. പാപ്പനംകോട് - മലയിൻകീഴ് - നെല്ലിക്കാട്

3. പാപ്പനംകോട് - റസൽപുരം - മണ്ണടിക്കോണം

4. പാപ്പനംകോട് - വിളപ്പിൽശാല - ഇ. എം. എസ്. അക്കാഡമി

5. പാപ്പനംകോട് - ഇ. എം. എസ്. അക്കാഡമി - കാട്ടാക്കട

6. പുന്നാവൂർ - അരുവിക്കര - ഓടന്നൂർ - കീഴാറ്റൂർ

7. പാപ്പനംകോട് - കൊറ്റംപള്ളി - കീഴാറ്റൂർ

8. വിളപ്പിൽശാല - ഊറ്റുകുഴി - ചെറുകോട്

9. ഊരുട്ടമ്പലം - ഉടത്തറക്ഷേത്രം

10. മങ്കാട്ടുകടവ് - കുരിശുമുട്ടം

11. മൂങ്ങോട് - അരുവിപ്പുറം - മലയിൻകീഴ്

12. പേയാട് - വിട്ടിയം

കെ. എസ്. ആർ. ടി. സി. യിലെ തസ്തിക മാറ്റ നിയമനം

113 (800) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. റിസർവ് കണ്ടക്ടറായി ജോലിയിലിരിക്കെ അപകടം മൂലമോ, മറ്റു തരത്തിലോ അംഗവൈകല്യമോ, സ്ഥിരമായ ശാരീരിക ക്ഷതമോ വൈകല്യമോ സംഭവിച്ച എത്രപേർ 1996 ജൂൺ മാസം മുതൽ തസ്തിക മാറ്റത്തിന് (അദർഡ്യൂട്ടി) വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ബി) അപേക്ഷകർ ആരൊക്കെയാണെന്നും അവർ ജോലി ചെയ്യുന്ന സ്ഥലം ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ അപേക്ഷകൾ കോർപ്പറേഷൻ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly